സാഹചര്യത്തിൽ 14-6-2005-ന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയുണ്ടായി. പ്രശ്നം ഒത്തുതീർപ്പാകാത്ത സാഹചര്യത്തിൽ 1948-ലെ മിനിമം വേതന നിയമത്തിലെ വകുപ്പ് 3(1) (ബി) അനുസരിച്ച് തോട്ടം മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് 22-6-2005-ൽ സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതേത്തുടർന്ന് സംഘടനകൾ നടത്തിവന്നിരുന്ന പണിമുടക്ക് പിൻവലിക്കപ്പെട്ടു.

പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം

63 [525] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ ഉണ്ടായിരുന്ന എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(ബി) കൈത്തറി, കയർ, കശുവണ്ടി എന്നീ പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളി വിഭാഗങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൃത്യമായി തിട്ടപ്പെടുത്താൻ കഴിയില്ല. വിശദമായ വിവരം ശേഖരിച്ചു വരുന്നു.

(ബി) കൈത്തറി, കശുവണ്ടി മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് എന്നിവ പ്രവർത്തിച്ചു വരുന്നു. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് 60 വയസ്സ് തികഞ്ഞ അംഗങ്ങൾക്ക് പ്രതിമാസം 100 രൂപ പെൻഷൻ നൽകിവരുന്നു. അവശതകാരണം ജോലി ചെയ്യാൻ കഴിയാത്തവർക്കും ഒരു തൊഴിലാളി മരണമടയുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്കും 5000 രൂപ ധനസഹായം നൽകിവരുന്നു. ഇതുകൂടാതെ അംഗങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും, എസ്.എസ്.എൽ.സി. പരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് 500 രൂപ ക്യാഷ് അവാർഡും, അംഗങ്ങളുടെ പെൺമക്കൾക്കോ അംഗങ്ങളായ വനിതകൾക്കോ വിവാഹ ധനസഹായമായി 2000 രൂപയും നൽകിവരുന്നു.

കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിലെ 60 വയസ്സ് പൂർത്തിയാക്കിയ ഒരു തൊഴിലാളിക്ക് പ്രതിമാസം 125 രൂപയും സ്ത്രീക്ക് പ്രതിമാസം 200 രൂപയും പെൻഷൻ നൽകിവരുന്നു. അവശതയോ മരണമോ സംഭവിക്കുകയാണെങ്കിൽ 2500 രൂപ സാമ്പത്തികസഹായം നൽകുന്നു. മരണമടയുന്ന അംഗത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശവസംസ്കാരത്തിനായി 1000 രൂപയും ഒരു പെൻഷണർ മരണമടയുകയാണെങ്കിൽ 500 രൂപയും നൽകിവരുന്നു. ഇതുകൂടാതെ പ്രസവാനുകൂല്യം, അംഗങ്ങളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്, ക്യാഷ് അവാർഡ്, വിധവകളായ അംഗങ്ങളുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് 1000 രൂപ ധനസഹായം എന്നിവയും നൽകിവരുന്നുണ്ട്.

കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി വ്യവസായ വകുപ്പിന്റെ കീഴിൽ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തിച്ചുവരുന്നു. 60 വയസ്സ് തികഞ്ഞ അംഗങ്ങൾക്ക് പ്രതിമാസം 100 രൂപ പെൻഷൻ, 75 രൂപ ഫാമിലി പെൻഷൻ, അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് സഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാസഹായം, ശവസംസ്കാരത്തിനുള്ള സഹായം, സ്ഥായിയായ അവശതയ്ക്കുള്ള ആനുകൂല്യം, മരണാനന്തര ധനസഹായം, എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് എന്നിവയും നൽകിവരുന്നുണ്ട്.

നിർമ്മാണ തൊളിലാളി ക്ഷേനിധി ബോർഡിൽനിന്നുള്ള ആനുകൂല്യങ്ങൾ

64 [526] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ഇപ്പോൾ എത്ര രൂപയാണ് അപകടം സംഭവിക്കുന്ന ഒരംഗത്തിന് നൽകിവരുന്നത്;

(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കുവാനുണ്ടെന്നും എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം നൽകുവാനുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) അംഗമായിരിക്കുമ്പോൾ മരിക്കുന്ന ആളിന് ഇപ്പോൾ എത്ര രൂപയാണ് നൽകിവരുന്നത്;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും തീർപ്പാക്കിയതിൽ എത്ര പേർക്ക് ആനുകൂല്യം നൽകുവാനുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിൽ ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടം നിമിത്തം അംഗവൈകല്യം സംഭവിക്കുന്നവർക്ക് 50,000 രൂപയും ജോലിക്കിടയിൽ അല്ലാതെ അപകടം നടന്ന് ആശുപത്രിയിൽ ചികിത്സ നടത്തുന്നവർക്ക് ആദ്യത്തെ 5 ദിവസത്തേക്ക് 300 രൂപയും തുടർന്നുവരുന്ന ഓരോ ദിവസത്തിനും 50 രൂപ വീതവും വച്ച് പരമാവധി 5000 രൂപയും നൽകിവരുന്നുണ്ട്.

(ബി) ഈ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ നൽകാൻ കുടിശ്ശികയില്ല.

LIBRARY ARCHIVES Kerala Legislative Assembly